(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ് ;

(സി) ഇവർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി ഓവർഹെഡ് കാറ്റഗറിയിൽ 20-ഉം, വെതർ പ്രൂഫ് കാറ്റഗറിയിൽ 19-ഉം ഉൾപ്പെടെ 39 കണക്ഷനുകൾ ഒ. വൈ. ഇ. സി. ഇനത്തിൽ നൽകുവാനുണ്ട്.

(ബി&സി) സാധനസാമഗ്രികൾ തികയാതെ വരുന്നതിനാലാണ് കണക്ഷൻ നൽകാൻ കാലതാമസം ഉണ്ടാകുന്നത്. ഇവയുടെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷനുകൾ നൽകുന്നതാണ്.

അത്തോളി, വെസ്റ്റ് ഹിൽ മേജർ സെക്ഷനുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത അപേക്ഷകൾ

30 (920) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, വെസ്റ്റ് ഹിൽ, എന്നീ മേജർ സെക്ഷനുകളിൽ എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുക്കുവാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ബാലുശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ - 1663 എണ്ണം
അത്തോളി ഇലക്ട്രിക്കൽ സെക്ഷൻ - 1637 എണ്ണം
വെസ്റ്റ്ഹിൽ ഇലക്ട്രിക്കൽ സെക്ഷൻ - 30 എണ്ണം

ഓരോ സർക്കിളിലേയ്ക്കും ജോലികൾ പൂർത്തിയാക്കാൻ വേണ്ട സാധന സാമഗ്രികളുടെ കണക്ക് എടുത്ത് അവ വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുൻഗണനാക്രമം അനുസരിച്ച് കണക്ഷനുകൾ നൽകുന്നുണ്ട്.

മെറ്റീരിയൽസ് ഇല്ലാത്തതിനാൽ കണക്ഷൻ ലഭിക്കാത്ത അവസ്ഥ

31 (921) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആവശ്യമായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly